

# നിറക്കൂട്ട്

SMSNHSS VAIKOM

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : പി ആർ ബിജി (ഹെഡ് മിസ്ട്രസ്)

സബ് എഡിറ്റേഴ്സ് : ഷീനമോൾ കെ പി

മഞ്ജു കെ പി

സിമി വി എസ്

പ്രീതാമോൾ കെ

സ്റ്റുഡന്റ് എഡിറ്റേഴ്സ് : സാന്ദ്രമോൾ പി ജെ

കൃഷ്ണവേണി

ദേവിക

റാം ശങ്കർ



# ആശംസകൾ



വർത്തമാനകാലത്തിലെ യന്ത്രവൽക്കരിക്കപ്പെട്ട മനസ്സുകൾക്കും സ്ഥാപനവൽക്കരിക്കപ്പെട്ട വ്യക്തികൾക്കുമിടയിൽ സ്നേഹത്തിന്റെ കാരുണ്യവും , സൗഹൃദത്തിന്റെ ആർദ്രതയും മനസ്സിൽസൂക്ഷിക്കുന്നവരാകണം നമ്മുടെ കുട്ടികൾ .മാനുഷിക മൂല്യങ്ങളുടെ നന്മ എന്നും ഹൃദയത്തിൽ നിറഞ്ഞു നിൽക്കണം ഏവർക്കും അതിനായി കഴിയട്ടെ എന്ന് ആശംസിക്കുന്നു .


എന്ന്

പി ആർ ബിജി

# ഉള്ളടക്കം


| | |
|---|---|
| RECALL OF MOTHER | 4 |
| FOR YOU, MY DEAR | 5 |
| FAST WORLD, NEW WORLD | 6 |
| വൈക്കം സത്യാഗ്രഹം, വൈക്കം തെളിയിച്ച വിളക്ക് | 7 |
| ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികളിൽ | 7 |
| കുട്ടികളും കലാലയ ജീവിതവും | 8 |
| കുമാരനാശാൻ | 9 |
| MY DREAM | 10 |
| DREAM | 10 |
| BRIGHT FRIEND | 11 |
| TO MY ANGEL | 11 |
| MY FAMILY | 12 |
| ഇന്ത്യയിലെ സ്ത്രീ സുരക്ഷ | 12 |
| ടി കെ മാധവൻ<br>(ജീവചരിത്ര കുറിപ്പ്) | 13 |
| പത്രവായനയും ആധുനിക ലോകവും | 14 |
| **THE MAGICAL POND** | **15** |
| **A GIRL'S DREAM** | **15** |
| (ജീവചരിത്രക്കുറിപ്പ്<br>കെ.പി. കേശവമേനോൻ | **16** |
| യാത്രയായ് | **18** |
| പുസ്തക നിരൂപണം<br>ഭൂമി നമ്മുടെ തറവാട് - കെ രാമചന്ദ്രൻ | **18** |

# RECALL OF MOTHER



Where is the way that I walked with My Mother
Can you hear the song that I danced with My Mother
Where is the heed in eyes
and the myth in skies

The mild heat in hands
And the sweetness in words
That touching my heart
in the form of dart

The one who gave birth to me
I gave all the sufferings as a gift
The one who walks as my shadow
I kept her life in harrow as a decency

Calls rumple in my ear
Eyes searching that gestalt
Thousands of questions grow up in my mind
Thousands of answers sprang up everywhere

Anjali Krishna
X G

# FOR YOU, MY DEAR

In a Valley of unrequited dreams,
A love Silently whispers, or so it seems.
My Heart like a captive, bound in a chain,
Longing for your love, yet all in vain

I bask in the warmth of your radiant smile,
It sets my spirit ablaze for a while
But deep in my soul, I carry the ache,
For I love you, dear, in a love I can't break.

In every moment, Your Presence is seek.
In Your eyes, I find the Solace I speak.
Yet the bitter truth, I must Confess
You'll never love me, I am a loveless mess.

I paint you pretty pictures with words so sweet,
But You'll never know my love or our hearts won't meet
Like a shadow, I follow, forever behind
Destined to be lost, in your love I won't find.

I send you love letters with ink stained by tears,
Hoping one day, You'll see past your own fears
But you'll never love me, it's written in store,
A love that's one-sided, forever Unknown.

I'm a fool, hopelessly drowning in this sea,
of love unrequited and never meant to be.
But Still, I hold on to this impossible dream,
For Your love, my dear, is a love Supreme.

So, I'll treasure this love inside my heart,
Even if it tears me apart, bit my part.
For in this journey of love's uncertainty
I'll love you forever, even if you'll never love me.

**Fidha Fathima**
**X G**

# FAST WORLD, NEW WORLD

The world is moving fast
Without knowing which direction
Human machines trying to travel
through time.

The sun rays that wake the
Flowers from their sleep and the
raindrops that breathe into the
universe. what a sight to miss.

His thoughts are one thing,
His destiny is another.
I have freed my soul from the
ashes of this fire, my spine
bent by obligations
saying goodbye to the
busy world right now !!

Keerthana
X E

# വൈക്കം സത്യാഗ്രഹം...
# വൈക്കം തെളിയിച്ച വിളക്ക്...

**ഗൗരി നന്ദന എസ്. (VIII F)**




ഇന്ന് കേരളം ഉൾപ്പെടുന്ന തിരുവിതാംകൂർ രാജ്യത്ത് അയിത്തത്തിന്എതിരായി 1924 മാർച്ച് 30ന് തുടങ്ങി 603 ദിവസം നീണ്ടുനിന്ന സമരമാണ് വൈക്കം സത്യാഗ്രഹം. കോട്ടയം ജില്ലയിലെ വൈക്കം മഹാദേവ ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഈ സത്യാഗ്രഹം സംഘടിച്ചത്. മനുഷ്യൻ എഴുതിയ ചരിത്രം മനുഷ്യപക്ഷത്തേക്ക് തിരിയാൻ നിർബന്ധിതമായ യുഗമുഹൂർത്തമായിരുന്നു വൈക്കം സത്യാഗ്രഹം. ചരിത്രത്തിലെ നീതികേടുകളെ നിരായുധരായ ഒരുപറ്റം മനുഷ്യർ ആത്മബലത്തിന്റെ കരുത്തിൽ ചെറുത്തുതോൽപ്പിച്ച് തിരുത്തിയ ഐതിഹാസികമായ സമരഗാഥ. മനുഷ്യവിരുദ്ധമായ ഒരു ലോകത്തെ മൂടിനിന്ന അന്ധകാരത്തിന് മീതെ കാലം കൊളുത്തിവെച്ച മാറ്റത്തിന്റെ തിരുനാളമായിരുന്നു ആ സമരം. മനുഷ്യനെ മനുഷ്യരിൽ നിന്ന് അകറ്റുന്ന പലകകളുടെ ചാരക്കോണിക്കുമേൽ ചവിട്ടി അടിയാളൻ ആത്മാഭിമാനത്തോടെ വഴിനടന്ന ചരിത്രം. വൈക്കത്തേത് ഒരു തുടക്കമായിരുന്നു. ഇരുട്ടുമൂടിയ വഴിത്തടങ്ങൾ വേറെയും ഉണ്ടായിരുന്നു ഒരുപാട്. മാനവികതയ്ക്കുമേൽ അയിത്തം പ്രതിബന്ധമായിടത്തേക്ക് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ സമരകാഹളം ആദ്യം മുഴങ്ങിയത് വൈക്കത്തായിരുന്നു.

# ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികളിൽ

**അഭിരാമി ഡി. (V D)**

മനുഷ്യനെ നിത്യദുഃഖത്തിലേക്കും അകാലമരണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് ലഹരിവസ്തുക്കൾ. സാമൂഹികജീവിതത്തിൽഇവഇത്രമാത്രംസ്വാധീനിക്കപ്പെട്ടിരിക്കുന്നുവോ അത്രമാത്രം തന്നെ അപകടകരമായ അവസ്ഥയിലാണ് ഇന്ന് മനുഷ്യന്റെ പ്രയാണം. ഇവ ഉപയോഗിക്കുന്നത് അന്തസ്സിന്റെ ചിഹ്നമായി ഒരു കൂട്ടർ കാണുന്നെങ്കിലും മറ്റൊരു കൂട്ടർക്കിത് മനസ്സിന്റെപക്വതയില്ലായ്മയുടെഅനന്തരഫലമാണ്.മദ്യത്തിനുംമയക്കുമരുന്നിനുംഅടിമയാകുന്നവരിൽ ശരീര പ്രതിരോധശേഷി നഷ്ടമാവുകയും കരൾ, തലച്ചോറ് തുടങ്ങിയ പ്രധാന ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യും. മാത്രവുമല്ല കുടുംബഭദ്രതയെ മദ്യം കൊണ്ടുള്ള വിപത്തുകൾ ലഹരിപദാർത്ഥങ്ങൾഉപയോഗിക്കരുതെന്ന്ഉപദേശിക്കുന്നവരെ പുച്ഛിക്കുന്ന സമൂഹത്തെയാണ് നാം ഇന്ന് കാണുന്നത്. സ്വന്തം കുടുംബത്തെപോലുംഇല്ലാതാക്കാൻ യാതൊരു മടിയും ഇക്കൂട്ടർക്ക് ഇല്ല എന്ന് മാത്രമല്ല മദ്യപാനികൾ കുടുംബത്തിനും സമൂഹത്തിനും വരുത്തിവെക്കുന്ന വിനകൾ കുറച്ചൊന്നുമല്ല. കുടുംബസുരക്ഷ രാജ്യസുരക്ഷ ഇതൊന്നും അവർക്ക് ഒരു പ്രശ്നമല്ല. ലഹരിവസ്തുക്കൾ ഉപയോഗിക്കരുതെന്ന്മഹാന്മാർനിർദ്ദേശിക്കാറുണ്ട് "മദ്യനിരോധനം മനുഷ്യൻെറ നന്മയ്ക്ക് എന്ന്" രാഷ്ട്രപിതാവായഗാന്ധിജിഉദ്ബോധിപ്പിച്ചിരിക്കുന്നു.

ഇന്ത്യയുടെമുഴുവൻഭരണാധികാരിയായി താൻ അവരോധിക്കപ്പെട്ടാൽ ആദ്യം ചെയ്യുക നാടൊട്ടാകെയുള്ള മദ്യഷാപ്പുകൾക്ക് നഷ്ടപരിഹാരം കൊടുക്കാതെ നിർത്തലാക്കും എന്നാണ് ഗാന്ധിജി പറഞ്ഞത്. കള്ളുണ്ടാക്കരുത്,കൊടുക്കരുത്, കുടിക്കരുത്



എന്ന് ശ്രീനാരായണഗുരു ഉറക്കെയും ഉറപ്പിച്ചും പറഞ്ഞിരുന്നു. എന്നാൽ കുത്താൻ വരുന്ന പോത്തിനോട് വേദം ഓതിയിട്ട് കാര്യമില്ല എന്ന് പറയുന്നതുപോലെ എത്ര ഉപദേശിച്ചിട്ടും നേർവഴിക്ക് നടക്കാത്തവരെ നിയമം മൂലം തടയുക തന്നെ വേണം. നിയമത്തെ മറികടക്കാനുള്ള മനുഷ്യരുടെ വ്യഗ്രതയും അതുമൂലം ഉണ്ടാകുന്ന അനധികൃതമായ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും കണ്ടില്ലെന്ന് നടിക്കുന്നു.

സർക്കാരിന് ജനപിന്തുണ ലഭിക്കില്ല എന്ന് മാത്രമല്ല വൻപ്രതിഷേധങ്ങൾക്ക്കാരണമാവുകയും ചെയ്യും.എന്നാൽ മാറിമാറി വരുന്ന സർക്കാരുകൾ മദ്യനിരോധനം പോലെയുള്ള




കൺകെട്ട് വിദ്യയിലൂടെ ജനങ്ങളെ വഞ്ചിക്കുന്നതായി കാണാം.വലംകൈ കൊണ്ട് മദ്യനിരോധന നയങ്ങളിൽ ഒപ്പ് വയ്ക്കുന്നവർ ഇടംകൈകൊണ്ട് മദ്യം വിളമ്പുന്നതിലൂടെ എന്ത് ധാർമികതയാണ് നമുക്കുള്ളത്.വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമാക്കിയും ഒളിഞ്ഞും തെളിഞ്ഞും കൗമാരക്കാരായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയും ലഹരിപദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന റാക്കറ്റുകൾ കടന്നാക്രമിക്കുന്നത് ഇന്ന് വൻവിപത്തായി സർക്കാരും വിദ്യാലയ കലാലയ അധികൃതരും കർശന നിയന്ത്രണങ്ങൾ പാലിക്കേണ്ടത

**ചുരുക്കത്തിൽ മദ്യവും മയക്കുമരുന്നും ഇല്ലാത്ത ഒരു ഇന്ത്യ, ചൈതന്യമുള്ള ഒരു ജനത അതാവണം നമ്മുടെ ലക്ഷ്യം.**

# കുട്ടികളും കലാലയ ജീവിതവും

**വൈഷ്ണവി അനീഷ് (VIII G)**

കുട്ടികളുടെ ജീവിതത്തിൽ വിജയം കൈവരിക്കുന്നതിന് കലാലയം വളരെ വലിയൊരു പങ്കുവഹിക്കുന്നു. ഏതൊരു കുട്ടിക്കും തന്റെ ജീവിതത്തിൽ ഉന്നതിയിൽ എത്തണം എന്നതിന് കലാലയ ജീവിതം അനിവാര്യമാണ്. വിദ്യാഭ്യാസം നേടുന്നതിനുള്ള ഏറ്റവും മികച്ചതും പ്രാഥമികവുമായ സ്ഥലം വിദ്യാലയമാണ്. ഒരു കുട്ടിയെ സംബന്ധിച്ച് അവൻ വിദ്യാഭ്യാസത്തിന് തുടക്കം കുറിക്കുന്നത് കലാലയത്തിൽ നിന്നുമാണ്. അറിവിന്റെ ആഴക്കടലാണ് കലാലയം. പുതിയ പുതിയ അറിവുകൾ കൈവരിക്കുന്നതിനും പുതിയ കാഴ്ചകൾ കാണുന്നതിനും പുതിയ അറിവുകൾ സമ്പാദിക്കുന്നതിനും പുതിയ സുഹൃത്തുക്കളെ ലഭിക്കുന്നതിനും പുതിയ ഒരു ലോകത്തെ പരിചയപ്പെടുന്നതിനും വിദ്യാലയം ഒരു കുട്ടിയെ സംബന്ധിച്ച് വലിയൊരു കൈത്താങ്ങാകുന്നു.

ഒരു വ്യക്തിയെ ഉയരത്തിലേക്ക് പിടിച്ചു കയറ്റുന്നത് കലാലയമാണ് കലാലയം കുട്ടികൾക്ക് അറിവിലേക്ക് വഴി കാട്ടിയാകുന്നു. ഒരു കുട്ടിയെ സംബന്ധിച്ച് അവൻ ആരാകണം എങ്ങനെയുള്ളൊരു ആളാകണം ഏതുതരക്കാരനാകണം ഏതു പാതയെ പിന്തുടരണം എന്നുള്ള കാര്യങ്ങൾ എല്ലാം വിദ്യാലയത്തിൽ നിന്നുമാണ് അവൻ പഠിക്കുന്നത്. ഒരു കുട്ടി നല്ല മനുഷ്യനാകുന്നുവെങ്കിൽ അവന്റെ വിദ്യാലയം അതിൽ നല്ലൊരു പങ്കുവഹിക്കുന്നു. സ്വന്തം കലാലയം എന്നാൽ സ്വന്തം ഭവനം പോലെയാണ്, അവിടെ നമ്മുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന അല്ലെങ്കിൽ നാം പുറത്തെടുക്കാത്ത നമ്മുടെ കഴിവുകളെ നല്ല ലോകത്തിന് മുമ്പിൽ തുറന്നുകാട്ടുന്നു. ഇപ്പോൾ വലിയ വലിയ കഴിവുകൾ ഉള്ള പല ആളുകളും പല പ്രശസ്ത വ്യക്തികളും ഒരുനാൾ അവരുടെ വിദ്യാലയത്തിൽ നമ്മളെപ്പോലെ ഒരു വിദ്യാർത്ഥിയായിരുന്നു. ആളുകളാണ് അവരെ ഇങ്ങനെ ലോകം അറിയുന്ന വ്യക്തികളാക്കി മാറ്റിയത് അവരുടെ അവർ പഠിച്ച വിദ്യാലയമാണ്. അപ്പോൾ നമ്മുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന പല കഴിവുകളും ഉണരുന്നത് കലാലയ ജീവിതത്തിലൂടെയാണ്. അവിടുത്തെ ചെറിയ ചെറിയ മത്സരങ്ങളിലൂടെയാണ്.

കലാലയം വിദ്യ പകർന്നു തരുന്ന ഒരിടം മാത്രമല്ല, ഉള്ളിലെ കലകളെ, കഴിവുകളെ പുറത്തെടുത്ത് അത് പുരോഗമിപ്പിക്കുകയും കൂടിയാണ് ചെയ്യുന്നത്.ഒരു കുട്ടി കലാലയത്തിലേക്ക് ആദ്യ കാലെടുത്തു വയ്ക്കുമ്പോഴേയ്ക്കും അവന്റെ കണ്ണുകൾ നിറയും, അവൻ പൊട്ടിക്കരയും. അതിന് കാരണം അവൻ ഇത്രയും കാലം കണ്ടിരുന്ന ലോകത്തിൽ നിന്നും അവിടുത്തെ ആൾക്കാർ, അവരിൽ നിന്നും എല്ലാം



മാറി പുതിയൊരു ഇടം കാണുമ്പോൾ അവൻപരിഭ്രാന്തനാകുന്നു.എന്നാൽഅവിടെ എല്ലാവരെയും അറിഞ്ഞുകഴിയുമ്പോൾ എല്ലാവരുംഅവന്റെസ്വന്തമാണെന്ന്മനസ്സിലാക്കി കഴിയുമ്പോൾഅവൻഅവിടെവുമായി കൂടുതൽ അടുക്കും. പിന്നെ അവന്റെ ടീച്ചറാണ് അവന്റെ അമ്മ,അവന്റെസുഹൃത്തുക്കളാണ് അവന്റെ സഹോദരങ്ങൾ. അങ്ങനെ അവൻ അവിടെ നിന്നും കൂടുതൽ പഠിക്കും കൂടുതൽ അറിയും വായിക്കും എഴുതുവാനും പഠിക്കും. അങ്ങനെ പുതിയ പുതിയ അറിവുകൾ എല്ലാം പഠിക്കും. പിന്നെ അവന്റെ വീടാണീവിദ്യാലയം.

അവൻ ജീവിതത്തിൽ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്ന ഇടം. അങ്ങനെ അവർ വിദ്യാലയത്തിന്റെ ഒരു ഭാഗമാകുന്നു. പിന്നീട് ഒരു സമയത്ത് താൻ ആദ്യാക്ഷരം കുറിച്ചതുതൊട്ട് തന്റെ ജീവിതത്തിൽ താൻ നേടിയതും താൻ കളിച്ചു നടന്നതും അടി വാങ്ങിയതും അങ്ങനെ പലതും തുടങ്ങിയ ആ വീട്ടിൽ നിന്നും പഠിച്ച് പടിയിറങ്ങുമ്പോഴും അവന്റെ കണ്ണ് നിറയും. അത് അത്രയും നാളും ജീവിച്ചഇടംവിട്ടു യാത്രയാവുകയാണ് മറ്റൊരിടത്തേയ്ക്ക് എന്ന് തോന്നുമ്പോഴാണ്. അന്ന് അവൻ ആ പഴയ ഓർമ്മകളിലേക്ക് തിരിച്ചുപോകും. എന്ന് ഏതൊരു വ്യക്തിയുടെയും ജീവിതത്തിന്റെ അടിസ്ഥാനമാകുന്നത് വിദ്യാലയമാണ് അവിടുത്തെ അധ്യാപകരാണ്. കലാലയം ഒരു വ്യക്തിയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്നു, അവനെ അവനാകുന്നു. ഏതൊരു കുട്ടിയെയും സംബന്ധിച്ച് തനിക്ക് ആസ്വദിച്ചിരുന്നു പഠിക്കാൻ കഴിയുന്നത് കൊണ്ടാണ് ജീവിതത്തിലെ തന്നെ ഏറ്റവും മനോഹരമായ കാലമായി കലാലയത്തെ പറയുന്നത്.

ജീവിതത്തെ തന്നെ മാറ്റിമറിക്കാൻ കലാലയത്തിനാകും ഒട്ടും പഠിക്കാൻ അറിയാത്ത കുട്ടിയെ പോലും വലിയൊരു ആളാക്കി തീർക്കാൻ കലാലയത്തിനാകും. കുട്ടികളെ സംബന്ധിച്ച് കലാലയം വളരെ നല്ല കാലമാണ് കുട്ടികൾക്ക് കുട്ടിക്കാലം മനോഹരമായ ഒരു കാലമാണ്. അത് മഹത്തായ ഒരു കാലമാക്കാൻ കലാലയത്തിനാകും. വിദ്യാലയം എന്നാൽ വളരെ രസകരമായും വളരെ മനസ്സിലാക്കിയും കുട്ടികൾക്ക് പഠിക്കാൻ ഉള്ള ഒരിടം ആണ്. ഒരു മനുഷ്യനെ സംബന്ധിച്ച് ജീവിതത്തിൽ നല്ല നല്ല ഓർമ്മകൾ സമ്മാനിക്കാൻ ആകുന്ന ഒരിടമാണ് കലാലയം. പഠിക്കുന്ന കാലത്ത് സ്കൂളിൽ പോകാൻ ചെറിയ മടി കാണിക്കുമെങ്കിലും ഒരു കാലം എത്തുമ്പോൾ തിരിച്ചൊന്ന് ആ കാലത്തേക്ക് പോകാൻ സാധിച്ചിരുന്നുവെങ്കിൽ എന്ന് ഒരു തോന്നൽ അവരുടെ ഉള്ളിൽ തിരിച്ചു വരും. ഒരു കുട്ടിയെ സംബന്ധിച്ച് വിദ്യാലയം പഠിക്കാൻ മാത്രമുള്ളതല്ല. കളിക്കാനുംആസ്വദിക്കുവാനും കഴിവ് തെളിയിക്കുവാനും കൂടിയുള്ള ഒരു വേദി കൂടിയാണ്.



കലാലയത്തിൽ ഒരു കുട്ടി ആദ്യാക്ഷരം പഠിക്കാൻ ആരംഭിക്കുന്നതുതൊട്ട് അവൻ അവന്റെജീവിതംഎന്താണെന്ന്തിരിച്ചറിഞ്ഞു കൊണ്ടിരിക്കുന്നു.അവന്റെജീവിതത്തിൽവലിയവിജയംകൈവരിക്കുവാനുള്ളചവിട്ടുപടിയാണ് കലാലയംഒരുവ്യക്തിയുടെജീവിതത്തിൽഅടിത്തറയാണ്കലാലയം.ഒരാൾഅടിസ്ഥാനപാഠംപഠിക്കുന്നത്കലാലയത്തിൽനിന്നുമാണ്.ജീവിതത്തിലെ എത്രവലിയഉയരത്തിൽഎത്തിയാലുംഒരിക്കലുംഒരുമനുഷ്യനുംതന്റെവിദ്യാലയത്തെമറക്കില്ല,അതിനുസാധിക്കുകയില്ല.ഏതൊരാളെയുംഅവൻആകാൻ പഠിപ്പിച്ചആയൊരിടത്തെ,അവനെന്നുംഓർക്കും. ആകലാലയത്തെ....

## ജീവചരിത്രക്കുറിപ്പ്

### കുമാരനാശാൻ (1873-1924)



മലയാള കവിയും സാമൂഹിക പരിഷ്കർത്താവു കുമാരനാശാൻ 1873-ൽ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെഅഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കായിക്കര ഗ്രാമത്തിലെ തൊമ്മൻവിളാക്കം വീട്ടിൽ ജനിച്ചു. നാരായണൻ പെരിങ്ങിടിയുടെയും കാളിയമ്മയുടെയും രണ്ടാമത്തെ മകനായാണ് ജനനം. കുമാരു എന്നായിരുന്നു ആദ്യ പേര്. ആധുനിക കവിത്രയത്തിൽ ഒരാൾ. ആദ്യകാലത്ത്സംസ്കൃതം അഭ്യസിച്ചു. സംസ്കൃതങ്ങളും വേദാന്ത പുരാണങ്ങളും പഠിച്ച കുമാരനാശാൻ 1891-ൽ ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായി. സന്യാസി ആകാൻ പുറപ്പെട്ട ആശാനെ ഉപരിപഠനത്തിനായി അയച്ചത് ഗുരുവാണ്. ശ്രീനാരായണ ഗുരുവിന്റെ നിർദ്ദേശപ്രകാരം തർക്ക വേദാന്ത

ശാസ്ത്രാദികളിൽ ഉപരിപഠനം നടത്തി. ഇംഗ്ലീഷ്, ബംഗാളി തുടങ്ങിയ ഭാഷ സാഹിത്യങ്ങളും ആശാൻ അഭ്യസിച്ചു. ഒരു സംസ്കൃത പാഠശാല ആരംഭിച്ച് സംസ്കൃതം പഠിപ്പിച്ചു തുടങ്ങിയതോടെയാണ് കുമാരു കുമാരനാശാൻ ആയത്.

ഡോ.പൽപ്പു, ശ്രീനാരായണഗുരു എന്നിവരുടെ നേതൃത്വത്തിൽ ശ്രീനാരായണ ധർമ്മ പരിപാലനയോഗം (എസ്.എൻ.ഡി.പി.) രൂപീകരിച്ചപ്പോൾ 1903-ൽ ജൂൺ 4-ന് ആശാൻ****** ആരംഭിച്ചു. ആശാനായിരുന്നു പത്രാധിപർ.സാമൂഹികഉച്ചനീചത്വങ്ങൾക്കെതിരെ തൂലിക പടവാളാക്കിയ കുമാരനാശാൻ ഖണ്ഡകാവ്യങ്ങൾ മാത്രം എഴുതി മഹാകവിപട്ടം കരസ്ഥമാക്കി. പാശ്ചാത്യ പുരസ്ക്യദർശനങ്ങളുടെ സംയോഗം*** ഈ കൃതിയിൽ കാണാം. 1907ൽ അദ്ദേഹം എഴുതിയ വീണപൂവ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ ഖണ്ഡകാവ്യമാണ്. ഈ കൃതി മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെഖണ്ഡകാവ്യമാണ്.ഈ കൃതറി മലയാള സാഹിത്യത്തിൽകാല്പനിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. കവി എന്ന നിലയിൽ മദ്രാസ് സർവകലാശാലയുടെ കീർത്തിമുദ്ര ലഭിച്ച വ്യക്തിയാണ് കുമാരനാശാൻ. കൂടാതെ 1922-ൽ കേരളത്തിലെ മഹാകവി എന്ന നിലയിൽ അദ്ദേഹം ഇംഗ്ലണ്ടിലെ വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടുംവളയും സമ്മാനമായി സ്വീകരിച്ചു.

1920 ഇദ്ദേഹത്തെ പ്രജാസഭയിലേക്ക് നോമിനേറ്റ് ചെയ്തു. 1923 എസ്.എൻ.ഡി.പി. പ്രസിഡന്റായി. നളിനി, ലീല,ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി തുടങ്ങിയ ആശാന്റെ കൃതികളും നവചൈതന്യം പ്രസരിപ്പിക്കുന്നവയാണ്. കുട്ടികൾക്ക് വേണ്ടി ബാലരാമായണം രചിച്ചിട്ടുണ്ട്. മഹാകാവ്യങ്ങൾ ഒന്നും തന്നെ എഴുതാതെ അദ്ദേഹത്തിന് മഹാകവി എന്ന പദവി ലഭിച്ചു. മദ്രാസ് സർവകലാശാലയാണ് നൽകിയത്. 1924 ജനുവരി 16 ന് പുലർച്ചെ മൂന്നുമണിക്ക് കൊല്ലത്തു നിന്നും ആലപ്പുഴയ്ക്ക് പോകുന്ന വഴിയിൽ പല്ലനയാറ്റിൽ വച്ച് ഉണ്ടായ ബോട്ട് അപകടത്തിൽ തന്റെ 51-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

**വൈഷ്ണവി അനിഷ് (VIIIG)**

## MY DREAM

**I dream to live a successful and happy life.**
**I dream to be with my family forever.**
**I dream to become a good human being.**
**I dream to be a successful person.**
**I dream to be a helpful person.**

**I dream to contribute in the growth of our country**
**I dream to help the poor and needy.**
**I dream to give love to the world and receive love.**
**I dream a peaceful, happy and healthy life.**
**May God let come true my dreams.**

**Ajishamol T A**
**VIII E**

## DREAM

**I have a dream,**
**you have a dream.**
**Everyone has a dream.**

**I can Fly,**
**you can fly,**
**Through the dreams.**

**But dreams are not**
**the thing that**
**we see in the sleep.**

**We can make a history**
**through our history.**

**The way to shine**
**is the dream.**

**I would like to**
**tell you too**
**This is also a dream.**

**Abhirami R**
**VIII E**

## BRIGHT FRIEND

I have a bright light,
It's shape is circle light.

He plays with me everytime
It's hide and seek like.

Every time the same place
That's look an open place.

I have a bright light,
It's shape is circle light.

Every time moon is all alone
But stars are all together friends.

That's I really like you
and really love you
The sun is waiting for you
and see you next time right.

## TO MY ANGEL

Mamma you're so special
you're so simply the best
God sent you to me my mom,
as a special wonderful gift from above.

You teach me life's lesson and
showers your love and compassion
Your love, has never fallen short
you have been my only one support.

All other things are less before you
You're the sunshine to light my life.
Mamma I Love you, I can't live without you.
You're my God, you're my world.

Mamma you are so special
Mamma my angel, I love you so much.

Anamika Shibu
VIII G

# MY FAMILY

**Mother Mother Mother**
**She is my inspiration**
**And she is my world.**

**Father Father Father**
**He is my strength**
**And he is my heart.**

**Brother Brother Brother**
**You are my little kid**
**And you are my crazy brother.**

**Grandma Grandma Grandma**
**She tells more stories**
**And she is caring me.**

**Family family family**
**My family is a lovely family.**

**Aswanamol N A**
**VIII E**

# ഇന്ത്യയിലെ സ്ത്രീ സുരക്ഷ

കൃഷ്ണവേണി

ഇന്ത്യയിലെ സ്ത്രീ സുരക്ഷ ഇന്ന് വ്യാപകമായി എല്ലായിടത്തും ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്.ഇന്ത്യയിലെ സ്ത്രീകൾ ഇന്ന് വീട്ടിലും പുറത്തും സുരക്ഷിതരല്ല. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ നിരക്ക് കുതിച്ചുയരുകയാണ് സ്ത്രീസുരക്ഷയ്ക്കായി ധാരാളം നിയമങ്ങളും സംഘടനകളും നിലവിലുണ്ടെങ്കിലും അവയെയെല്ലാം കാറ്റിൽ പറത്തി കൊണ്ടാണ് ഓരോ കുറ്റവാളിയുംഓരോ ക്രൂരകൃത്യങ്ങളും ചെയ്യുന്നത്.

നിയമത്തിന്റെ സുരക്ഷയ്ക്കുള്ളിൽ പോലും സ്ത്രീകൾ അതിക്രമങ്ങൾക്ക് ഇരയാവുന്നു എന്ന വാസ്തവം ഒരു ഞെട്ടലോടെ അല്ലാതെ നമുക്ക് തിരിച്ചറിയാൻ കഴിയില്ല. അതിനുദാഹരണമാണ് ഈയിടെ മണിപ്പൂരിൽ നടന്ന കലാപം. പുറംലോകം അറിയാതെ ഒട്ടേറെ സ്ത്രീകൾ അവിടെ അതിക്രമങ്ങൾക്ക് ഇരയായിത്തീർന്നു.

സമാധാനത്തോടെ വീടുകളിൽ കഴിയാനാവാതെ, റഡിൽ ഇറങ്ങാൻ ആവാതെ വീർപ്പുമുട്ടി കഴിയേണ്ടിവരുന്ന സ്ത്രീകളുടെ ഈ ദുരവസ്ഥ എന്നു



മാറുന്നുവോ അന്ന് മാത്രമേ നമ്മുടെ നാട്ടിലെ മഹാത്മാക്കൾ സ്വപ്നം കണ്ട സമത്വ സുന്ദരമായ ഒരു ഭാരതം സാധ്യമാവുകയുള്ളൂ.

കേരളത്തിലും സ്ത്രീസുരക്ഷയിൽ ഏറെ വീഴ്ചകൾ വന്നിട്ടുണ്ട്. ഈയിടെ ആലുവയിൽ നടന്ന അഞ്ചു വയസ്സുകാരിയുടെ കൊലപാതകം അതിന്റെ ഉത്തമ ഉദാഹരണമാണ്. നിയമത്തിന്റെമറവിൽ പോലും സ്ത്രീകളെ പീഢിപ്പിക്കുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. Unity in diversity എന്ന മുദ്രാവാക്യവുമായി ലോകരാജ്യങ്ങൾക്കു മുൻപിൽ തല ഉയർത്തി നിൽക്കുന്ന ഇന്ത്യ, സ്ത്രീ സുരക്ഷയിൽ ഏറെ പിന്നിലാണ്. തലയുയർത്തി നിന്നുകൊണ്ട് ഞാൻ ഇന്ത്യയിൽ സുരക്ഷിതയാണ് എന്ന് പറയാൻ ഒരു സ്ത്രീക്കും ഒരുപെൺകുട്ടിക്കും സാധിക്കില്ല.

കോടിക്കണക്കിന് രൂപ കൊണ്ട് വികസനം നടപ്പിലാക്കുന്ന ഇന്ത്യയിലെസർക്കാരിന്എന്തുകൊണ്ട് സ്ത്രീസുരക്ഷ പ്രായോഗികമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല? എന്ത് നീചപ്രവൃത്തി ചെയ്താലും നിയമത്തിന്റെയും പണത്തിന്റെയും സ്വാധീനത്തിന്റെയും മറവിൽ അവയെ ഒതുക്കി തീർക്കുവാൻ കഴിയും എന്ന കുറ്റവാളികളുടെ ആത്മവിശ്വാസമാണ് അവരെ ഇത്തരം ക്രൂരതകൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്. ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ, ലോകജനതയെ മുഴുവൻ നടുക്കിയ ഒന്നായിരുന്നു ഡൽഹിയിലെ നിർഭയ കൊലക്കേസ്.കാലങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിലാണ് ആ ക്രൂരകൃത്യത്തിന് ഇരയായ നിർഭയയുടെ കുടുംബത്തിന് നീതി ലഭിച്ചത്. ആ കാലമത്രയും പ്രതികൾക്ക്ജയിലിൽ സുഖവാസമായിരുന്നു.

ഇങ്ങനെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ ഉടനടി കൃത്യമായ നടപടികൾ സ്വീകരിക്കുകയും സൗദി അറേബ്യ മുതലായ രാജ്യങ്ങളിലേതുപോലെകൃത്യംനടന്ന്ദിവസങ്ങൾക്കുള്ളിൽശിരച്ഛേദംനടത്തുന്നതുപോലെയുള്ള നിയമങ്ങൾ കൊണ്ടുവരുകയും ചെയ്താൽ മാത്രമേ നമുക്ക് ഇത്തരം കുറ്റകൃത്യങ്ങളുടെ നിരക്ക് കുറക്കുവാൻ സാധിക്കുകയുള്ളൂ. തങ്ങളെ സ്വയം സംരക്ഷിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിലൂടെ ഇത്തരം കൃത്യങ്ങളെ ഇല്ലായ്മ ചെയ്യാൻ സാധിക്കും. പെൺകുഞ്ഞുങ്ങളുള്ള മാതാപിതാക്കൾക്ക് സമാധാനത്തോടെ ഉറങ്ങാൻ കഴിയുന്ന രാത്രികൾ ആവട്ടെ ഇനിയുള്ളത് എന്ന് നമുക്ക് പ്രത്യാശിക്കാം

## ജീവചരിത്രക്കുറിപ്പ്

### ടി.കെ. മാധവൻ (1835-1930)

**കീർത്തി റെനീഷ് (VIII G)**

വൈക്കം സത്യാഗ്രഹത്തിലെ പ്രധാന പോരാളിയായ ദേശാഭിമാനി ടി.കെ. മാധവൻ 1885 സെപ്റ്റംബർ 2 (കൊല്ലവർഷം 1061 ചിങ്ങമാസം 19) ന് കേരളത്തിൽ മാവേലിക്കരയിലെ കണ്ണമംഗലംഎന്നഗ്രാമത്തിൽജനിച്ചു.കേശവൻചാന്നാരുടെയുംഉമ്മിണിയമ്മയുടെയും മകനായിരുന്നു അദ്ദേഹം. പൗരസമത്വവാദമായിരുന്നു ടി.കെ.മാധവന്റെ ജീവിതദർശനം.

സ്വാതന്ത്ര്യസമരസേനാനി സാമൂഹ്യ പരിഷ്കർത്താവ് പത്രപ്രവർത്തകനും വിപ്ലവകാരിയും ആയിരുന്നു അദ്ദേഹം. എസ്.എൻ.ഡി.പി. നേതാക്കളിൽ പ്രമുഖൻ. കേരളത്തിലെ ക്ഷേത്രങ്ങളിൽ എല്ലാസമുദായങ്ങൾക്കും

പ്രവേശനത്തിനായി പോരാടിയ ക്ഷേത്രപ്രവേശന സമരത്തിൽ അദ്ദേഹം പങ്കാളിയായിരുന്നു.

1914 അദ്ദേഹം ആരംഭിച്ച പത്രം ദേശാഭിമാനി, തുടർന്ന് അദ്ദേഹത്തിന് ദേശാഭിമാനി ടി.കെ. മാധവൻ എന്ന പേര് ലഭിച്ചു.തൊട്ടുകൂടായ്മയ്ക്കെതിരായ പോരാട്ടത്തിന്നേതൃത്വംനൽകിയിരുന്നു. 1924ൽ,ടി.കെ.മാധവൻ,കെ.കേളപ്പൻ,കെ. പി.കേശവമേനോൻ എന്നിവരുടെ നേതൃത്വത്തിൽ വൈക്കം ശ്രീമഹാദേവ ക്ഷേത്രത്തിന് മുന്നിലൂടെയുള്ള റോഡിലൂടെ അവർണ്ണരായ ജനങ്ങൾക്ക് യാത്ര ചെയ്യാനുള്ള അവകാശം നേടിയെടുക്കാൻ വൈക്കം സത്യാഗ്രഹം ആരംഭിച്ചു. ടികെമാധവനെയും,കെപികേശവമേനോനേയുംഅറസ്റ്റ്ചെയ്തുജയിലിൽഅടച്ചു.ഒടുവിൽ തിരുവിതാംകൂർ മഹാരാജാവ് എല്ലാ വിഭാഗം ജനങ്ങൾക്കും പാത തുറന്നുകൊടുക്കുവാൻസമ്മതിക്കുകയുംസത്യാഗ്രഹംവൻവിജയമാവുകയുംചെയ്തു.അവർണ്ണരുടെക്ഷേത്രപ്രവേശനത്തെ നവോത്ഥാനത്തിന്റെവഴിത്തിരിവായി കണ്ട നേതാവാണ് ടി.കെ. മാധവൻ. അദ്ദേഹം പങ്കെടുത്ത പ്രധാനപ്പെട്ട ക്ഷേത്രപ്രവേശന സമരങ്ങൾ വൈക്കം സത്യാഗ്രഹം, തിരുവാർപ്പ് സത്യാഗ്രഹം, കണ്ണൻ കുളങ്ങര ക്ഷേത്ര സമരങ്ങൾ എന്നിവയാണ്. ക്ഷേത്രപ്രവേശനം, എന്റെ ജയിൽവാസം, ഡോ. പൽപ്പുവിന്റെ ജീവചരിത്രം എന്നിവയാണ് കൃതികൾ 1930 ഏപ്രിൽ 27 ദേശാഭിമാനി ടി.കെ.മാധവൻ എന്ന സ്വാതന്ത്ര്യ സമര സേനാനി അന്തരിച്ചു

## പത്രവായനയും ആധുനിക ലോകവും

**സഫ സാദിക് പി. (X E)**

ഒരു ദിവസത്തെ വാർത്ത എന്തെന്നറിയണമെങ്കിൽ അന്നൊക്കെ പത്രം വേണമായിരുന്നു. സ്വന്തം നാട്ടിലെ വാർത്ത മാത്രമല്ല മറ്റു നാട്ടിലെ വാർത്തകളും എന്തിനേറെ ഈ ലോകത്തെ സകല വാർത്തകളും നമുക്ക് പത്രത്തിലൂടെ അറിയാൻ സാധിച്ചിരുന്നു. രാവിലെ സൂര്യൻ അതിന്റെ സ്ഥാനത്ത് എത്താൻ തുടങ്ങുന്നതിനുമുമ്പ് തന്നെ ഏജന്റുമാർ വീടുകൾ തോറും പത്രം ഇട്ടു തുടങ്ങും. രാവിലെ എഴുന്നേറ്റ് പത്രം എടുത്ത് മുറ്റത്ത് ചാരുകസേരയിലിരുന്ന് ഒരു ചായയും കുടിച്ച് പത്രം വായിക്കുക എന്നത് പണ്ടത്തെ കാരണവന്മാരുടെയും പല മലയാളികളുടെയും വികാരമാണ്. പത്രവായനയിലൂടെയും അതിന്റെ കൂടെയുള്ള ചായയിലൂടെയും ആയിരുന്നു പല മലയാളികളുടെയും ദിവസം തുടങ്ങിയിരുന്നത്.

എന്നാൽ ഇന്ന് കാലമാകെ മാറിയിരിക്കുന്നു. പലരും പല ജോലിക്കാർ സർക്കാർ ഉദ്യോഗസ്ഥന്മാർ, സ്വന്തം സ്ഥാപന ഉടമസ്ഥർ എന്നിങ്ങനെ പല പദവിയിലുള്ളവർ. ദിവസവും പത്രം വരുത്തും ചില വീട്ടുകാർ വരുത്തുക മാത്രമല്ല വായിക്കുകയും ചെയ്യും. പക്ഷേ ചിലർ വീട്ടിലുള്ള വയസ്സായവർക്ക് വേണ്ടിവരുത്തും അവർ വായിക്കില്ല. ചിലരാകട്ടെ പേരിന് നോക്കുകയാണ് ചെയ്യാറ് ടിവിയിലും ഫോണിലും മറ്റും. മുതിർന്നവർ ഇങ്ങനെയാണെങ്കിൽ കുട്ടികളുടെ കാര്യം പറയുകയേ വേണ്ടല്ലോ. ദിവസവും പത്രം വായിക്കുന്ന കുട്ടികൾ ഉണ്ടോ എന്ന് ചോദിച്ചാൽ അപൂർവങ്ങളിൽ

അപൂർവ്വംമാത്രം.

ടെക്നോളജി വളർന്നുകൊണ്ടിരിക്കുന്ന ഈ കാലത്ത് മരങ്ങൾ വെട്ടി പേപ്പർ ഉണ്ടാക്കുന്നത് വെറുതെയാണെന്നെ പറയാനുള്ളൂ. അപ്പുപ്പൻ അമ്മൂമ്മമാർ പത്രം വായിക്കുമ്പോൾ അപ്പുറത്ത് കുട്ടികൾ ഫോണിൽ കളിച്ചിരിക്കുന്നത് കാണാം. ചിലർ സ്കൂൾ അവധിയാണോ എന്നറിയാൻ മാത്രം പത്രം നോക്കി എന്നിരിക്കും ഇല്ലെങ്കിൽ ടിവിയിൽ നോക്കും. അതും ഇല്ലെങ്കിൽ ഫോണിൽ സാമൂഹ്യ മാധ്യമങ്ങളിൽ നോക്കും. ഇപ്പോൾ എവിടെ എന്ത് നടന്നാലും സോഷ്യൽ മീഡിയ ഉള്ളതിനാൽ അറിയാൻ സാധിക്കും. കൊച്ചു കുട്ടികൾ മുതൽ പ്രായമുള്ളവർ വരെ ഫോണിന്റെ വലയത്തിൽ അകപ്പെട്ടിരിക്കുന്നു. എന്തിനേറെ ഇപ്പോഴത്തെ മക്കളുടെ പഠനം വരെ ഓൺലൈൻ ആയില്ലേ.പണ്ടൊക്കെ പത്രം,ബാലരമ,കളിക്കുടുക്കഎന്നിവയില ൂടെ എല്ലാം കുട്ടികളെ വായനാശീലവും അക്ഷരാഭ്യാസവുംപരിശീലിപ്പിച്ചെടുക്കാമ ായിരുന്നു പക്ഷേ ഇന്ന് കുട്ടികൾ കഥ വായിക്കാൻ ആവശ്യപ്പെടുമ്പോൾ അമ്മമാർ ഫോണിൽ കാർട്ടൂൺ വെച്ച് കൊടുക്കാറാണ് പതിവ്. ഇതിലൂടെ കുട്ടികളുടെ കായിക ശേഷിയും കണ്ണിലെ കാഴ്ചയും ആരോഗ്യവും എല്ലാം നഷ്ടമാകും എന്നല്ലാതെ ഒന്നും മെച്ചപ്പെടാൻ പോകുന്നില്ല. ദിവസേനയുള്ള പത്രവായന, പ്രധാന വാർത്തകൾ എഴുതിയെടുക്കുക എന്നിവയെല്ലാം കുട്ടികളെ പരിശീലിപ്പിക്കുക അല്ലെങ്കിൽ അവരുടെ ഭാവി നമ്മളാൽ ഇല്ലാതാക്കും.

## THE MAGICAL POND

On a rainyday in September, Ivan and his friend James was bored. “James I am getting very bored, what can we do?" Ivan said to James. "I will tell a secret to you”. James replied. “Secret, what secret?”, Ivan got anxious. James continued “there is a pond in the street. If we put a coin into the pond and make a wish, the wish will come true”. “Really!”Ivan asked. “Of c ourse my grand mom told this secret to me”. James assured him. Ivan became so happy. Because he was going to participate in a painting competition with his enemy John. John was just kidding him always and the match was the only chance for Ivan to answer everything to John. So, he wants to win on the next day. Ivan and James went to the pond and threw a coin into it and made wish. After a few days the day has come in which the competition was held. Ivan went to his school for the painting competition. He drew a beautiful picture and he got the prize. He was very happy. He ran home and told everything to his mom, about the magical pond and his success. He told that he had drawn the picture with the power he attained from the magical pond. His mom became so happy because her child has won the prize. But she laughed and said “Ivan you got the prize not because of the pond, it’s your talent, your hardwork has bought you success. The pond in the street that you have

told is a normal pond". "But mom James told that his grandmom told this secret to him". Ivan replied. "That's may be right, but it's just a superstition" mom said. Ivan heard and understood what his mom said and after that he never believed in any superstitions. He believed in himself.

Sivarchana M S
VIII E

## A GIRL'S DREAM

**Once upon a time there lived a girl with her grandmother in a small village. The girl always dreamt of becoming a doctor. But her family problems didn't help her achieve her dream. She helped her grandmother in all household works and studied hard. Her teachers and friends helped her to achieve her dream. The girl kept on holding her dream in all thetroubles.**

**Years passed, finally the entrance exam day arrived. Every one prayed for the girl and she with all confidence appeared for the exam. On the day of the result everyone were excited. But the girl was in great tension. When the result came, the girl passed the exam with good marks. Everyone was happy and appreciated the girl. The girl cried, she thanked God as she fulfilled her dream do come true.**

**Nivedya**
**VIII**

## ജീവചരിത്രക്കുറിപ്പ്

### കെ.പി. കേശവമേനോൻ

കേരളത്തിലെ പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും,ഗാന്ധിയനും,എഴുത്തുകാരനുമായിരുന്നു കെ.പി.കേശവമേനോൻ. അദ്ദേഹം 1886-ൽ പാലക്കാട്ടെ തരൂർ ഗ്രാമത്തിൽ ഭീമൻ അച്ഛന്റെയും മീനാക്ഷി നെെത്യാരുടെയും മകനായി ജനിച്ചു. മദ്രാസ് സർവകലാശാലയിൽ നിന്ന് ആർട്സിൽ ബിരുദം നേടിയ അദ്ദേഹം 1915-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൽഅംഗമായി.കേശവമേനോൻ സത്യാഗ്രഹത്തിന്റെയും നിസ്സഹകരണ പ്രസ്ഥാനത്തിന്റെയും കേരളത്തിലെ വക്താവായിരുന്നു. മികച്ചൊരുഎഴുത്തുകാരൻകൂടിയായിരുന്നു.അക്ഷരങ്ങളെസ്നേഹിക്കുകയുംഅവയെ സമരത്തിന്റെ പടവാളാക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്ത അദ്ദേഹമാണമലയാളത്തിലെ പ്രമുഖദിനപത്രമായ മാതൃഭൂമി സ്ഥാപിച്ചത്.

1923-ലാണ് ഇദ്ദേഹം മാതൃഭൂമിയുടെസ്ഥാപകപത്രാധിപരാകുന്നത്. അക്കാലത്ത് നടന്ന വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നതിനെ തുടർന്ന് ആറുമാസം ജയിലിൽ ശിക്ഷ അനുഭവിച്ചു. പിന്നീട് മലയായിലേക്ക് പോയ കേശവമേനോൻ കുറേക്കാലം ഇന്ത്യൻ നാഷണൽ ആർമിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിച്ചത്. ഇതിനെ തുടർന്ന് ജപ്പാനിൽ അറസ്റ്റിലായ ഇദ്ദേഹം രണ്ടാം ലോകമഹായുദ്ധത്തിനുശേഷം മാത്രമാണ് മോചിതനായത്. 1946-ൽ വീണ്ടും മാതൃഭൂമിയുടെ പത്രാധിപരായി

ചുമതലയേറ്റശേഷംതന്റെമരണംവരെഅക്കാദമിയുടെആദ്യത്തെഎക്സിക്യൂട്ടീവ്പ്രസിഡന്റുമായിരുന്നു കേശവമേനോൻ. തന്റെയാത്രകളെയുംഅനുഭവങ്ങളെയും കടലാസിലേക്ക്
പകർത്തിയകേശവമേനോൻമികച്ചഒരു എഴുത്തുകാരൻകൂടിയായിരുന്നു.ബിലാത്തിവിശേഷം,കേശവമേനോന്റെയാത്രാവിവരണമാണ്.അദ്ദേഹത്തിന്റെ ആത്മകഥയാണ് കഴിഞ്ഞകാലം. സായാഹ്ന ചിന്തകൾ, ജവഹർലാൽ നെഹ്രു, ഭൂതവും ഭാവിയും, എബ്രഹാംലിങ്കൻ,പ്രഭാത ദീപം, നവഭാരത ശില്പികൾ, ബന്ധത്തിൽ നിന്ന് ദാനഭൂമി, ജീവിതചിന്തകൾ തുടങ്ങിയവയാണ് മറ്റു പ്രധാനകൃതികൾ. വിവിധ രംഗത്തെ സംഭാവനകൾ മാനിച്ച് പത്മഭൂഷൻ ബഹുമതി നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. രാഷ്ട്രപിതാവ് എന്ന കൃതിക്ക് 1969-ൽ പലവക വിഭാഗത്തിലുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.
1978 നവംബർ 9ന് അദ്ദേഹം അന്തരിച്ചു.

# യാത്രയായ്

**ശ്രീലക്ഷ്മി പി. VIIIC**

യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവം നമുക്ക് സമ്മാനിക്കുന്നു. അതുപോലെ വിസ്മയം നിറഞ്ഞ ഒരു യാത്രക്കുറിപ്പാണ് ഞാനിവിടെ പങ്കുവയ്ക്കുന്നത്. തേയില തോട്ടങ്ങൾക്ക് നടുവിലൂടെ വളഞ്ഞുപുളഞ്ഞു നീണ്ടു നിവർന്ന് കിടക്കുന്ന ടാർ വീശിയ റോഡ്. റോഡിന് ഇരുവശവും തേയില തോട്ടങ്ങൾ മാത്രമല്ല നല്ല ഭംഗിയുള്ള പല വർണ്ണങ്ങൾ ചൂടിയ പൂക്കൾ പാറക്കെട്ടുകൾക്കിടയിലൂടെ എത്തിനോക്കുന്നതും നമുക്ക് കാണാം. ഇത് ഞാനും എന്റെ കൂട്ടുകാരും ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ പോയ ടൂർ അനുഭവമാണ്. ഞങ്ങൾ വെളുപ്പിന് ഏകദേശം 4 മണി ആയപ്പോൾ യാത്ര തിരിച്ചു. സൈഡ് സീറ്റിൽ ഇരുന്നതിനാൽ പോയ വഴിയുടനീളം തണുത്തകാറ്റിന്റെ തഴുകൽ എന്നെ പുളകിതയാക്കി. മൂന്നാർ ചെല്ലുമ്പോൾ നല്ല തണുപ്പ് ഉണ്ടായിരിക്കും എന്നാണ് ഞങ്ങൾ വിചാരിച്ചിരുന്നത്. എന്നാൽ അവിടെ എത്തിയപ്പോൾ സംഭവിച്ചത് നേരെ മറിച്ചും. പോകുന്ന വഴി ഞങ്ങൾ ഒരു വെള്ളച്ചാട്ടം കാണാൻ വണ്ടി നിർത്തി. എന്നാൽ ഞങ്ങൾ ചെന്ന് സമയം എന്തോ മോശമായിരിക്കണം, വെള്ളച്ചാട്ടം കാണാൻ സാധിച്ചില്ല. കാരണം ഈ സമയത്ത് അവിടെ ജലപ്രവാഹം കുറവാണത്രേ. എന്തായാലും ഉദ്ദേശിച്ച വെള്ളച്ചാട്ടം കാണാൻ സാധിച്ചില്ല എന്നതിന്റെ വിഷമം നല്ലവണ്ണം ഞങ്ങൾക്കുണ്ടായിരുന്നു. എങ്കിലും ഞങ്ങൾ അവിടെനിന്ന് യാത്രതിരിച്ചു. പക്ഷേ, അത്ഭുതം എന്നവണ്ണം ആ

വെള്ളച്ചാട്ടത്തിനേക്കാൾപതിന്മടങ്ങ്മുൻ പന്തിയിൽ നിൽക്കുന്ന, മനുഷ്യമനസിന്റെ ആഴങ്ങളിലേക്ക് കുളിർ പകർന്നു നൽകുന്ന ഒരു പ്രകൃതിരമണീയമായ കാഴ്ച കാണാൻ സാധിച്ചു. ആ കാഴ്ചയെക്കുറിച്ച് ഓർക്കുമ്പോൾ തന്നെ മനസ്സിനും ശരീരത്തിനും ഒരുപോലെ കുളിർമയാണ്. ഇതു മാത്രമല്ല ആ പഠനയാത്ര എനിക്ക് സമ്മാനിച്ചത് കൂട്ടുകാരുമൊത്ത് ഒരു നല്ല രാത്രി, ഒരു നല്ല യാത്ര, നല്ല നല്ല അനുഭവങ്ങൾ എന്നുവേണ്ട മനസ്സിന് എന്നും സന്തോഷം മാത്രം നൽകുന്ന നിമിഷങ്ങളും കാഴ്ചകളും. 5-ാം ക്ലാസ് തൊട്ട് എന്റെ ഒരു വലിയ ആഗ്രഹമായിരുന്നു കൂട്ടുകാരുമൊത്ത് ഒരു ഉല്ലാസയാത്ര പോകണമെന്നത്. എന്റെ ആഗ്രഹം നല്ല രീതിയിൽ തന്നെ നിറവേറി. അതുപോലെ തന്നെ ഞങ്ങൾക്ക് പഠിക്കാനുള്ള പ്രധാന സ്മാരകമായ മുനീറ നേരിട്ട് കാണാനുള്ള ഭാഗ്യവും അവസരവും ലഭിച്ചു. ഈ കാഴ്ചകളെക്കാൾ എന്റെ മനസ്സിൽ നിന്നും മായാതെ കല്ലിൽ കൊത്തിയ മാതിരി പതിഞ്ഞു നിന്നിരുന്നത് ട്രക്കിംഗ്അനുഭവമായിരുന്നു.ഇതിനുമുമ്പ്ഞാനിതുപോലെഒരുയാത്രപോയിട്ടില്ല .ട്രക്കിംഗ് മനസ്സിൽ നിന്നും മായാതിരിക്കാൻ ഒരു കാരണമുണ്ട്. ആ ഡ്രൈവർ, ഇതിനുമുമ്പ് ഞങ്ങൾക്ക് ആ ചേട്ടനെയോ ആ ചേട്ടന് ഞങ്ങളേയോ പരിചയമില്ല. എങ്കിൽ കൂടി ആ ചേട്ടൻ ഞങ്ങളെ സ്വന്തം സഹോദരിമാരെ പോലെ കൊണ്ടുനടന്നു അവിടുത്തെ കാഴ്ചകൾ മുഴുവൻ ഞങ്ങളെ കാണിച്ചു തന്നു.അതിനേക്കാൾ രസം ചേട്ടന്റെ വണ്ടിയിലെ യാത്രയാണ്. അത് ഒന്നൊന്നര യാത്രയായിരുന്നു. ഇനിയും ആ യാത്രയെ വർണ്ണിക്കാൻ വാക്കുകളില്ല. എന്നു വർണ്ണിക്കുമ്പോൾ തന്നെ ഊഹിക്കാം ആ യാത്രഎന്റെമനസ്സിനെഎത്രമാത്രംസ്പർശിച്ചിട്ടുണ്ട് എന്ന്. അല്ലേ ...സുഹൃത്തുക്കളെ

# പുസ്തക നിരൂപണം

## ഭൂമി നമ്മുടെ തറവാട് - കെ രാമചന്ദ്രൻ

**പവിത്ര വി.എ. VIII G**

കെ. രാമചന്ദ്രൻ രചിച്ച 'ഭൂമി നമ്മുടെ തറവാട്' എന്ന പുസ്തകമാണ് ഞാൻ വായിച്ചത് നമ്മുടെ സ്വന്തം തറവാടാണ് ഭൂമി. ശ്വസിക്കാൻ വായു, കുടിക്കാൻ വെള്ളം, കഴിക്കാൻ ആഹാരം എന്തിന് നമുക്ക്ജീവിക്കാൻ ആവശ്യമായ എല്ലാ സാധനങ്ങളും സാഹചര്യങ്ങളും നമുക്ക് നൽകുന്നത് നമ്മുടെതറവാടായഭൂമിയാണ്. മനുഷ്യർ മാത്രമല്ല ജന്തുക്കളുംസസ്യങ്ങളും സൂക്ഷ്മജീവികളുമെല്ലാം അവരുടെ തറവാടായഭൂമിയിലെഅന്തേവാസികളാണ്.അവർക്കുംഭൂമി ആവശ്യമായതെല്ലാം നൽകുന്നു.

ഈ തറവാടിനെപ്പറ്റി നമുക്ക് വേണ്ടത്ര അറിവുകളൊന്നുമില്ല. ഇനിയും എത്രയോ കാര്യങ്ങൾ നാം അറിയുവാനുണ്ട്. ഇതെല്ലാം നമുക്ക് ഈ പുസ്തകത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും. ഭൂമിയുടെ ആദ്യകാലങ്ങൾ എങ്ങനെയാണെന്ന് അറിയാമോ? 500 കോടി വർഷം മുമ്പ് ഭൂമിയുടെ ജനനംതൊട്ട് അതിന്റെ ഓരോ ചലനത്തെപ്പറ്റിയും ഈ പുസ്തകത്തിൽ കാണാം.മാത്രമല്ല പർവ്വതങ്ങളെപ്പറ്റിയും ഗുഹകളെപ്പറ്റിയും ഓസോൺ പാളിയെ പറ്റിയും നാം അറിഞ്ഞതും അറിയാത്തതുമായ എല്ലാ വിവരങ്ങളും ഈ പുസ്തകത്തിൽ ഉണ്ട്. പലതരം കാറ്റുകളെപറ്റിയും അവയുടെ ദിശകളെപ്പറ്റിയും കടലുകളുടെ പലതരം സ്വഭാവങ്ങളെപ്പറ്റിയും എന്നുവേണ്ട ഭൂമിയുടെ എല്ലാ സവിശേഷതകളും മനസ്സിലാക്കാൻ സാധിക്കും. ഭൂമി എന്ന തറവാടിനെപ്പറ്റിയും അതിലെ അന്തേവാസികളെപ്പറ്റിയും അവയുടെ സവിശേഷതകളെപ്പറ്റിയും നമുക്ക് ഈ പുസ്തകത്തിലൂടെ വ്യക്തമാകുന്നു. ഈ പുസ്തകത്തിലൂടെ ഭൂമിയെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളും മനസ്സിലാക്കാം. ഏവരും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ഇതിൽ. ഭൂമിക്ക് ഒട്ടേറെ പ്രത്യേകതകൾ ഉണ്ടെന്ന് അറിയാമല്ലോ എന്തൊക്കെയാണ് അത് എന്ന് അറിയാമോ അത് അറിയേണ്ടേ അത് നമുക്ക് ഈ പുസ്തകത്തിലൂടെ അറിയാം. എല്ലാവരും വായിക്കേണ്ട ഒരു പുസ്തകമാണിത്. തീർച്ചയായും എല്ലാവരും ഈ 'ഭൂമി നമ്മുടെ തറവാട്' എന്ന പുസ്തകം വായിക്കണം. നമുക്ക് അറിവ് നൽകുന്ന ഒരു പുസ്തകമാണ്. തീർച്ചയായും ഈ പുസ്തകം എല്ലാവർക്കും ഉപകാരപ്പെടും..



THANK

YOU